പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2323 — 8/03/2017-ൽ മറുപടിക്ക്

## കോട്ടപ്പുറം കേന്ദ്രീകരിച്ച് കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ്

| | ചോദ്യം<br><br>ശ്രീ.പി. ഉണ്ണി | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ തച്ചനാട്ടുകര, കരിമ്പുഴ, കോട്ടോപ്പാടം പഞ്ചായത്തുകളിലെ പ്രദേശങ്ങളെ ഉൾക്കൊള്ളിച്ച് കോട്ടപ്പുറം കേന്ദ്രീകരിച്ച് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ഉണ്ട്. നിലവിലുള്ള ശ്രീകൃഷ്ണപുരം ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് കരിമ്പുഴ, തച്ചനാട്ടുകര എന്നീ പഞ്ചായത്തുകളിലെ പ്രദേശങ്ങളെ ഉൾപ്പെടുത്തി കോട്ടപ്പുറം കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. കസ്റ്റമർകെയർ സംവിധാനം ഏർപ്പെടുത്തി വൈദ്യുതി വിതരണരംഗത്തെ സെക്ഷൻ ഓഫീസുകളുടെ പുന:സംഘാടനം സംബന്ധിച്ച് ആലോചിച്ചുവരുകയാണ്. ഇതിന്റെ ഭാഗമായി പുതിയ സെക്ഷൻ സംബന്ധിച്ച നിർദ്ദേശങ്ങളും പരിശോധിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ